**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 200** **10-06-2024 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനു നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മഴക്കാലത്തുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളും രോഗങ്ങളും ഫലവത്തായി നിവാരണം ചെയ്യുന്നതിനായി കൈപ്പമംഗലം മണ്ഡലത്തിലെ കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, വാർഡ് ഗ്രൂപ്പുകൾ എന്നിവ കേന്ദ്രീകരിച്ച് കഴിഞ്ഞ വർഷങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിയിരുന്നതു പോലെ ഈ വർഷവും മെഡിക്കൽ ക്യാമ്പുകൾ നടത്താൻ പദ്ധതിയുണ്ടോ; | (എ) | **കഴിഞ്ഞ വർഷത്തിൽ കൈപ്പമംഗലം മണ്ഡലത്തിൽ ഉണ്ടായിട്ടുള്ള ഫ്ലഡ് റിലീഫ് ക്യാമ്പുകളിൽ എല്ലാം തന്നെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഈ വർഷവും പ്രസ്തുത മണ്ഡലത്തിലെ സാംക്രമിക രോഗങ്ങളുടേയും, വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളുടേയും ഹോട്ട് സ്പോട്ട് തയ്യാറാക്കിയിട്ടുണ്ട്. റിലീഫ് ക്യാമ്പുകൾ ഉണ്ടാകുന്ന സാഹചര്യത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതാണ്.** |
| (ബി) | തീരപ്രദേശത്തെ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ കൂടുതൽ ഡോക്ടർമാരെ നിയമിച്ചുകൊണ്ട് 24 മണിക്കൂറും സേവനം ലഭിക്കുന്നതിനും ചെറിയ അസുഖങ്ങളുമായി വരുന്ന രോഗികളെ റഫർ ചെയ്യുന്നതിന് പകരം താലൂക്ക് ആശുപത്രിയിൽ തന്നെ ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്താനും നടപടികൾ സ്വീകരിക്കാമോ; | (ബി) | നിലവിൽ കൊടുങ്ങല്ലൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 24 മണിക്കൂറും സേവനം നൽകി വരുന്നു. വിദഗ്ധ ചികിത്സ ആവശ്യമുള്ള രോഗികളെ മാത്രമേ റഫർചെയ്യുന്നുള്ളൂ. അല്ലാത്ത രോഗികൾക്ക് കിടത്തി ചികിത്സ നൽകിവരുന്നു . |
| (സി) | വൃക്ക സംബന്ധമായ അസുഖം മൂലം ഡയാലിസിസ് ചികിത്സയ്ക്ക് വിധേയമാകുന്നവരുടെ എണ്ണം ക്രമാതീതമായി കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി പരിശോധനാ ക്യാമ്പുകൾ നടത്തുന്നതിനുള്ള പദ്ധതിയുണ്ടോ; | (സി) | ശൈലി സ്ക്രീനിങ്ങിന്റെ ഭാഗമായി കേരളത്തിൽ എല്ലായിടത്തും പോപ്പുലേഷൻ ബേസ്ഡ് സ്ക്രീനിങ്ങ് നടന്നു വരുന്നുണ്ട്. അതിനെ തുടർന്ന് രോഗം സ്ഥിരീകരിക്കുന്നവരിൽ കോംപ്ലിക്കേഷനുകൾ കണ്ടെത്തുന്നതിന് വേണ്ട പരിശോധനകൾ നടത്തുന്നതാണ്. |
| (ഡി) | കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ എത്ര ഡയാലിസിസ് മെഷീനുകൾ ആണ് നിലവിൽ പ്രവർത്തനസജ്ജമായി ഉള്ളത്; കൂടുതൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (ഡി) | നിലവിൽ കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ 11 ഡയാലിസിസ് മെഷീനുകൾ ഉപയോഗിച്ച് രണ്ടു ഷിഫ്റ്റ് ആയി പ്രവർത്തിച്ചുവരുന്നു . സന്നദ്ധ സംഘടനകളുമായി സഹകരിച്ചു 60ലക്ഷം രൂപ ചെലവാക്കി 20മെഷീനുകൾ കൂടി പ്രവർത്തിപ്പിക്കുന്നതിനും ഡയാലിസിസ് മൂന്ന് ഷിഫ്റ്റാക്കി ഉയർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു . |

സെക്ഷൻ ഓഫീസർ